(ഡി) അതുമൂലം എത്ര പേർക്ക് തൊഴിൽ തിരിച്ചുകിട്ടിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്നോപാർക്കിൽ താഴെപ്പറയുന്ന രണ്ടു കമ്പനികൾ പൂട്ടിയിട്ടുണ്ട്.

(1) മെഗാലക്സ് ഇലക്ട്രോണിക്സ് കൺട്രോൾസ്.

(2) എസ്.ഡി.എസ്.ഇൻഫോടെക് കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള 30 വ്യവസായശാലകളാണ് പൂട്ടിയിട്ടുള്ളത്. (വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്*) വ്യവസായ വാണിജ്യ വകുപ്പിന്റെ പരിധിയിൽ വരുന്ന വ്യവസായങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) ടെക്നോപാർക്കിൽ 85 പേർക്കും കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ളവയിൽ 3214 പേർക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. മറ്റു വ്യവസായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള പൂട്ടിയിട്ട അഞ്ചു (5) വ്യവസായശാലകൾ തുറന്നുപ്രവർത്തിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ പരിധിയിൽ വരുന്നവയെ സംബന്ധിച്ച് വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) കെ.എസ്.ഐ.ഡി.സി. മുഖേന 642 പേർക്ക് തൊഴിൽ തിരിച്ചുകിട്ടിയിട്ടുണ്ട്. ബാക്കി വിവരം ശേഖരിച്ചു നൽകുന്നതാണ്.

കശുവണ്ടി വികസന കോർപ്പറേഷന്റെ കടം

77(576) ശ്രീ.കെ. സി. വേണുഗോപാൽ :
ശ്രീ. എം. മുരളി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കടം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) അന്ന് എന്തുതുകയ്ക്കുള്ള കശുവണ്ടിയും കശുവണ്ടിപ്പരിപ്പും സ്റ്റോക്കുണ്ടായിരുന്നു.

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ എത്ര ഘട്ടങ്ങളിലായി എത്ര ടൺ കശുവണ്ടി ഇറക്കുമതി ചെയ്തു ;

(ഡി) എവിടെനിന്നെല്ലാമാണ് ഇറക്കുമതി ചെയ്തത് :

(ഇ) അതിന്റെ വില കിലോഗ്രാമിന് എത്ര വീതമായിരുന്നു ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ കശുവണ്ടി സംസ്ക്കരിച്ചു വിറ്റപ്പോൾ എന്തു തുക വീതം കിട്ടി ;

(ജി) ഇപ്പോൾ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കടം എത്രയാണ്;

(എച്ച്) എന്തു തുകയ്ക്കുള്ള കശുവണ്ടി പരിപ്പും കശുവണ്ടിയും ഇപ്പോൾ സ്റ്റോക്കുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ബാങ്ക് വായ്പ, ലോൺ, ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ ആകെ 206.92 കോടി രൂപയ്ക്കുള്ള കടം ഉണ്ടായിരുന്നു.

(ബി) 2.28 കോടി രൂപയ്ക്കുള്ള തോട്ടണ്ടിയും, 1.00 ലക്ഷം രൂപയ്ക്കുള്ള കശുവണ്ടിപ്പരിപ്പും സ്റ്റോക്ക് ഉണ്ടായിരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ 25 ഘട്ടങ്ങളിലായി ഇറക്കുമതി ചെയ്തു. വിശദവിവരം ചുവടെ ചേർക്കുന്നു.

കരാർ തീയതി	ഒർജിൻ ക്വാളിറ്റി	ക്വാണ്ടിറ്റി മെ.ടൺ	വില കി. ഗ്രാമിന്
(1)	(2)	(3)	(4)
14-8-96	ഐവറി കോസ്റ്റ്	4407.8	27.59 രൂപാ
7-1-97	"	5019.2	26.54 "
22-5-97	ഗിനിബിസാവോ	7527.6	33.41 "
22-1-98	"	6093.2	37.33 "
22-9-98	സി.ഡി.ജെ.കെ.എൽ	1982.6	47.17 "
		2008	46.26 "
20-1-99	"	1625.9	47.72 "
25-1-99	"	949.7	50.47 "
15-2-99	"	1715.18	49.21 "
10-6-99	ഗിനിബിസാവോ	1613	55.73 "
10-6-99	"	4248	55.53 "
10-6-99	"	8574	56.63 "
25-11-99	മൊസാംബിക്ക്	2112.03	55.10 "
27-11-99	"	3206.1	52.60 "
17-12-99	"	2599.6	54.85 "

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	
17-12-99	സി.ഡി.ജെ.കെ.എൽ	2975.0	57.38	രൂപ
		991.5	58.35	"
		1618.1	56.86	"
		976.47	58.35	"
		1594.68	56.77	"
		1385.07	56.77	"
		964	56.94	"
10-2-2000	സി.ഡി.ജെ.കെ.എൽ	1293	52.26	"
10-2-2000	മൊസാബിക്ക്	2600	46.97	"
22-6-2000	ഗിനിബിസാവോ	5000	53.30	"
17-7-2000	ഗിനിബിസാവോ	4000	51.20	"
28-7-2000	ഐവറികോസ്റ്റ്	1000	36.78	"
28-7-2000	ഗിനിബിസാവോ	3000	48.02	"
20-11-2000	മൊസാംബിക്ക്	2600	34.52	"
8-12-2000	സി.ഡി.ജെ.കെ.എൽ	1000	36.85	"
13-12-2000	സി.ഡി.ജെ.കെ.എൽ	1000	37.05	"
2-01-2001	"	1000	32.76	"

(ഡി) താൻസാനിയ, ഗിനിബിസാവോ, ഐവറികോസ്റ്റ് എന്നീ രാജ്യങ്ങളിൽ നിന്നാണ് കശുവണ്ടി ഇറക്കുമതി ചെയ്തിട്ടുള്ളത്.

(ഇ) ഉത്തരം (സി)യിൽ കണ്ടാലും

(എഫ്) കശുവണ്ടി സംസ്ക്കരിച്ചു കിട്ടുന്ന പരിപ്പ് ഓരോ വർഷവും വിൽക്കുന്ന വിലയാണ് കോർപ്പറേഷൻ എടുത്തു വരുന്നത്. എല്ലാ മാർക്ക് തോട്ടണ്ടിയിൽ നിന്നുള്ള വിവിധ ഗ്രേഡിലുള്ള പരിപ്പ് വിൽക്കുന്നതിനാൽ ഓരോന്നിനും എന്തു തുകവീതം കിട്ടി എന്ന് കണക്കാക്കി എടുക്കുവാൻ പ്രയാസമാണ്.

(ജി) ബാങ്ക് വായ്പ, ലോൺ, ഗ്യാരണ്ടി കമ്മീഷൻ മുതലായ ഇനത്തിൽ കടം ഏകദേശം 126.97 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) 31-12-2000-ൽ ഏകദേശം 38.63 കോടി രൂപയുടെ തോട്ടണ്ടിയും 51.61 കോടി രൂപയുടെ കശുവണ്ടിപ്പരിപ്പും സ്റ്റോക്കുണ്ടായിരുന്നു. മൊത്തം 90.24 കോടി രൂപയുടെ ഉല്പന്നങ്ങൾ സ്റ്റോക്കുണ്ട്.

കെൽട്രോണിലെ വോളന്ററി റിട്ടയർമെന്റ് സ്കീം

78 (578) ശ്രീ.പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിൽ വോളന്ററി റിട്ടയർമെന്റ് സ്കീം, എന്നുമുതലാണ് നടപ്പിലാക്കിയത് ;

(ബി) ഈ സ്കീം അനുസരിച്ച് എത്ര പേരാണ് പിരിഞ്ഞുപോയത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പിരിഞ്ഞുപോയ എത്ര പേർക്ക് ഇതുവരെ റിട്ടയർമെന്റ് ബെനിഫിറ്റ് നൽകിയിട്ടുണ്ട് ;

(ഡി) എന്തു തുകയാണ് ഇതുവരെ നൽകിയത്. ഇനി എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) പിരിഞ്ഞു പോയവർക്ക് 2001 ഫെബ്രുവരി 28-ന് മുമ്പുതന്നെ ഈ ബെനിഫിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 12-10-2000 മുതൽ

(ബി) 623 ജീവനക്കാർ

(സി) 445 ജീവനക്കാർക്ക് റിട്ടയർമെന്റ് ബെനിഫിറ്റ് നൽകിയിട്ടുണ്ട്.

(ഡി&ഇ) 514 പേർക്കായി 18 കോടി രൂപ കൊടുത്തു ശേഷിക്കുന്നവർക്കു കൂടിയുള്ള ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള തുകയ്ക്കുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിന്റെ ചെക്കുകൾ ക്ലിയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മൈലത്ത് തുടങ്ങുന്ന വ്യവസായം

79 (586) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ മൈലത്ത് സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ എന്തു വ്യവസായം തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) ഇവിടെ വ്യവസായം തുടങ്ങുന്നതിന് കേന്ദ്രസഹായം എന്തെങ്കിലും വാഗ്ദാനം ചെയ്തിട്ടുണ്ടോ ; എങ്കിൽ എന്തു തുക ;

(സി) വ്യവസായം തുടങ്ങുന്നതിന് ഏതെങ്കിലും ഏജൻസികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ ഏതു ഏജൻസിയെന്നും എന്തു വ്യവസായമെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly